# ഓയിൽപാം ഇന്ത്യാ ലിമിറ്റഡ്.

"ഭരണഭാഷ മാതൃഭാഷ."

ഏരൂർ എസ്റ്റേറ്റ്, ഭാരതീപുരം പി ഒ.

**സീനിയർ മാനേജരുടെ ഓഫീസ്.(R.O)**

*OP/RO/FR - 750* *13/05/2026*

## ടെൻഡർ നോട്ടീസ്.

ഓയിൽപാം ഇന്ത്യ ലിമിറ്റഡ് ചിതറ എസ്റ്റേറ്റ് സി ഡിവിഷനിൽ **(അരിപ്പ)** രാസവളം മറ്റ് കമ്പനിവക സാധനങ്ങൾ എന്നിവ വാഹനത്തിൽ കയറ്റി നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ഇറക്കുന്ന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുവേണ്ടി വാഹന ഉടമകളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചുകൊള്ളുന്നു

### വ്യവസ്ഥകൾ

1, രാവിലെ 08.00 മണിമുതൽ വൈകുന്നേരം 05.00 മണിവരെ വാഹനം ഓടിക്കുന്നതിനുള്ള ഒരു ദിവസത്തെ നിരക്കുകൾ, ഓരോ എസ്റ്റേറ്റിലെയും പ്രത്യേകം പ്രത്യേകം കാണിച്ചിരിക്കണം. എസ്റ്റേറ്റിൽ ഉപയോഗിക്കുന്ന ലോറിയിൽ 5 ടണ്ണിന് മുകളിൽ ഭാരം കയറ്റുവാനുള്ള കപ്പാസിറ്റി ഉണ്ടായിരിക്കണം.

2, വാഹനത്തിൻറെ നമ്പരും വിശദ വിവരങ്ങളും രജിസ്ട്രേഷൻ പെർമിറ്റ് ഇൻഷുറൻസ് സംബന്ധമായ പ്രമാണങ്ങളും ഓഫീസിൽ ഹാജരാക്കേണ്ടതുമാണ് കോൺട്രാക്ട് അവസാനിക്കുന്നതുവരെ ആവശ്യാനുസരണം യഥാസമയം വാഹനം വിട്ടുതരുവാൻ കോൺട്രാക്ടർ ബാധ്യസ്ഥനായിരിക്കും

3, ക്വട്ടേഷനുകൾ **21-05-2026 വ്യാഴാഴ്ച്ച** പകൽ 11.00 മണിക്ക് മുൻപായി ഏരൂർ സീനിയർ മാനേജർ (എസ്റ്റേറ്റ്സ്) ഓഫീസിൽ ലഭിച്ചിരിക്കണം. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 5000 രൂപ ഓഫീസിൽ അടച്ചതിൻറെ രസീത് അടക്കം ചെയ്തിരിക്കണം.

4, ലഭിച്ച ക്വട്ടേഷനുകൾ **21-05-2026 വ്യാഴാഴ്ച്ച പകൽ 11.30 മണിക്ക്** ഏരൂർ സീനിയർ മാനേജർ (എസ്റ്റേറ്റ്സ്) ഓഫീസിൽ വച്ച് സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതായിരിക്കും.

5, ടെണ്ടർ ഉറപ്പിച്ചു കഴിഞ്ഞാൽ സീനിയർ മാനേജർ (എസ്റ്റേറ്റ്സ്) ഓഫീസിൽ, ചുവടെപറയുംവിധം സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് 500 രൂപ മുദ്രപ്പത്രത്തിൽ എഗ്രിമെൻറ് വയ്ക്കേണ്ടതാണ്.

| | |
|---|---|
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | 5,000/- |

6, ആവശ്യാനുസരണം വാഹനങ്ങൾ യഥാസമയം വിട്ടുതരുവാൻ കോൺട്രാക്ടർ ബാധ്യസ്ഥനായിരിക്കും.

7, ടെണ്ടറിലെ നിരക്ക് കൂടുതലാണെന്ന് കണ്ടാൽ, നെഗോസിയേഷൻ നടത്തുന്നതിന് ഓയിൽപാം ഇന്ത്യ ലിമിറ്റഡിന് അധികാരമുണ്ടായിരിക്കും.

8, കോൺട്രാക്ടർ യഥാസമയം ആവശ്യമുള്ള വാഹനങ്ങൾ വിട്ടുതരാതിരുന്നാൽ, മാനേജ്മെൻറ് മറ്റുവിധത്തിൽ വാഹനങ്ങൾ ക്രമീകരിക്കുന്നതും, തൻമൂലം സ്ഥാപനത്തിനുണ്ടാകുന്ന ബാധ്യത/നഷ്ടം കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

9, വാഹനത്തിന് ആവശ്യമായ സൈഡ് ബോഡി, ഇന്ധനം എന്നിവ വാഹന ഉടമകൾ കരുതിയിരിക്കണം.

10, ഏതൊരു ക്വട്ടേഷനും പ്രത്യേക കാരണം കൂടാതെ സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനും ഓയിൽപാം ഇന്ത്യ ലിമിറ്റഡിന് അധികാരം ഉണ്ടായിരിക്കും.

11, ടെൻഡർ കാലാവധി ***2026 ജൂൺ 01 മുതൽ 2027 മെയ് 31 വരെ*** ആയിരിക്കും.

12, വാഹനങ്ങൾ ഓടുന്ന സമയത്തിന് അനുപാതികമായിട്ടായിരിക്കും വാടക നിശ്ചയിക്കുന്നത്

കൂടുതൽ വിവരങ്ങൾക്ക് ഏരൂർ സീനിയർ മാനേജർ (എസ്റ്റേറ്റ്സ്) ഓഫീസിൽ നിന്നുമോ എസ്റ്റേറ്റ് മാനേജർമാരുടെ ഓഫീസിൽ നിന്നോ പ്രവർത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്

| | | |
|---|---|---|
| മാനേജർ (ചിതറ എസ്റ്റേറ്റ്) | : | 9745 766 468 |
| സീനിയർ മാനേജർ (എസ്റ്റേറ്റ്സ്) | : | 9745 766 466 |

വിശ്വസ്തതയോടെ,

സീനിയർ മാനേജർ (എസ്റ്റേറ്റ്സ്)